# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ0466 2212279 ഇമെയിൽ: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
# പാലക്കാട്

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 83/2023 (ചൊവ്വാഴ്ച)** **തീയ്യതി: 17.10.2023**

### അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 18.10.2023 | 19.10.2023 | 20.10.2023 | 21.10.2023 | 22.10.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 4 | 3 | 2 | 1 | 1 |
| ഉയർന്ന താപനില (°C) | 33 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C) | 23 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 60 | 60 | 60 | 65 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 6 | 4 | 6 | 5 | 5 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 290 | 250 | 270 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട) | 8 | 7 | 8 | 8 | 8 |

- ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ **നേരിയ** മഴയ്ക്ക് സാധ്യത. കൂടിയ താപനില **35°C** വരെയും കുറഞ്ഞ താപനില **25°C** വരെയും പ്രതീക്ഷിക്കുന്നു.

## പൊതു നിർദ്ദേശങ്ങൾ:

- **കീട രോഗ സാധ്യത കൂടിയ സാഹചര്യമായതിനാൽ കൃത്യമായി വിളകൾ നിരീക്ഷിക്കുകയും തുടക്കത്തിൽ തന്നെ അവയെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യുക.**
- **കീടരോഗ നിയന്ത്രണം സമീപത്തുള്ള കർഷകർ കൂട്ടായ പ്രവർത്തനത്തിലൂടെ ചെയ്യുന്നത് വീണ്ടും രോഗം ബാധിക്കുന്നതു ഇല്ലാതാക്കാൻ കഴിയും.**

## കാർഷിക നിർദ്ദേശങ്ങൾ

### പയർ



- പയറിലെ മുഞ്ഞയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിൽ ഒരിക്കൽ 2 % വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക.
- അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്ര കുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

### നെല്ല്



- കതിര് നിരന്നുകൊണ്ടിരിക്കുന്ന നെൽപ്പാടങ്ങളിൽ ചാഴിയുടെ ആക്രമണം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ നെൽപ്പാടങ്ങളിൽ ഈ സമയത്ത് ഫിഷ് അമിനോ ആസിഡ് 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക.

## പച്ചക്കറികൾ



- പച്ചക്കറികളിൽ ട്രൈക്കോഡെർമ സമ്പുഷ്ടമായ ജൈവവളത്തോടൊപ്പം എല്ലുപൊടി, വേപ്പിൻപിണ്ണാക്ക് എന്നിവ ചേർത്ത മിശ്രിതം ഒരു സെന്ററിന് 50 കിലോഗ്രാം എന്ന തോതിൽ അടിവളമായി ചേർത്ത്കൊടുക്കുക.
- ജീവാണു വളങ്ങളായ അസോസ്‌പൈറില്ലം, വാം എന്നിവയിൽ ഏതെങ്കിലും ഒരാഴ്ച ഇടവിട്ട്പച്ചക്കറികളിൽ രാവിലെയോ വൈകിട്ടോ തളിച്ച്കൊടുക്കുന്നത് ഉചിതം.

## കാബ്ബേജ്/ കോളിഫ്ലവർ



- 3 മുതൽ 4 ആഴ്ച വരെ പ്രായമുള്ള കാബ്ബേജ്/ കോളിഫ്ലവർ തൈകൾ പറിച്ച് നടാവുന്നതാണ്.
- ഇതിനായി പ്രധാന കൃഷിയിടം നന്നായി ഉഴുതുമറിക്കുക. 60 cm അകലത്തിലും 20 cm താഴ്ചയിലും കുഴികളെടുക്കുക. കുഴികളിൽ അടിവളമായി കാലിവളം ഒരു ഏക്കറിന് 10 ടൺ എന്ന കണക്കിൽ ചേർത്ത് 10 cm ഉയരം വരെ മേൽമണ്ണ് നിറയ്ക്കുക.
- ഈ കുഴികളിൽ പാകമായ തൈകൾ നടാവുന്നതാണ്. തൈകൾ നട്ടു ഏഴു ദിവസത്തിന് ശേഷം വളപ്രയോഗം നടത്താവുന്നതാണ്. ഒരു സെന്ററിന് 650 ഗ്രാം യൂറിയ, 2200 ഗ്രാം രാജ്ഫോസ്, 400 ഗ്രാം പൊട്ടാഷ് എന്നിവ മണ്ണിൽ നനവുള്ളപ്പോൾ ചേർത്ത് ഇളക്കിക്കൊടുക്കുക.